# പതിമൂന്നാം കേരള നിയമ സഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമ സഭാ ചോദ്യം നമ്പർ 559 05-07-2013 -ലെ മറുപടിക്ക്

## കാലവർഷക്കെടുതി-നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു.കുരുവിള | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഈ വർഷത്തെ കാലവർഷക്കെടുതിയിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും, വീടു കൾ തകർന്നവർക്കും, സാരമായി പരിക്ക് ഏറ്റവർക്കും, കൃഷി വ്യാപകമായി നശിച്ചവർക്കും അർഹിക്കുന്ന നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ;വിശദാംശം ലഭ്യമാക്കുമോ ; | (എ) | സർക്കാർ ഉത്തരവ് (എം.എസ്) നം. 270/2013/ഡി.എം.ഡി തീയതി 21.06.2013 പ്രകാരം ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിയ കുടുംബങ്ങൾക്ക് 2000/- രൂപയും; രണ്ട് ആഴ്ചത്തേക്കുളള സൗജന്യ റേഷനും;മഴക്കെടുതിയിൽ ജീവഹാനി സംഭവിച്ചവരുടെ ശവസംസ്കാര ചടങ്ങിനായി 10000/- രൂപയും; മഴക്കെടുതിയിൽ മരണമടഞ്ഞ കുട്ടികളുടെയും മുതിർന്ന വരുടെയും കുടുംബത്തിന് യഥാക്രമം 1.50 ലക്ഷം രൂപയും 2 ലക്ഷം രൂപയും; വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്കും, പൂർണ്ണമായും താമസയോഗ്യമല്ലാത്തവർക്കും 1 ലക്ഷം രൂപയും ഭാഗികമായി നഷ്ടം സംഭവിച്ചവർക്ക് 35,000/- രൂപയും ധനസഹായം നൽകുവാൻ സർക്കാർ ഉത്തരവായി. |
| (ബി) | കാലവർഷ കെടുതികളിൽ നാശനഷ്ടം പരമാവധി കുറയ്ക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ ഇനിയും എടുക്കുമെന്ന് വ്യ ക്തമാക്കുമോ ? | (ബി) | കാലവർഷക്കെടുതിയിൽ നാശനഷ്ടം കുറയ്ക്കുന്നതിന് മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നത് ചർച്ച ചെയ്യുന്നതിനായി റവന്യൂ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറി മെയ് 27-ാം തീയതി മഴക്കാല പൂർവ്വയോഗം എല്ലാ വകുപ്പ് മേധാവികൾക്കുമായി വിളിച്ചു ചേർത്തു. പ്രസ്തുത യോഗത്തിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.<br><br>(1) വാർഡ്തല ദുരന്ത പ്രതികരണ നിധി രൂപീകരിക്കുവാൻ പ്രസ്തുത യോഗം തദ്ദേശ സ്വയംഭരണ വകുപ്പിനോട് ശുപാർശ ചെയ്തു. ഇന്ത്യയിലാദ്യമായി ഇത്തരത്തിലുള്ള ഒരു പദ്ധതി ആവിഷ്കരിക്കുകയും 5000/- രൂപ ഗ്രാമ പഞ്ചായത്ത് വാർഡ് തലത്തിലും, 10000/- രൂപ മുനിസിപ്പൽ കോർപ്പറേഷൻ വാർഡ് തലത്തിലും, 15000/- രൂപ സിറ്റി കോർപ്പറേഷൻ വാർഡ് തലത്തിലും അടിയന്തിര പ്രതികരണത്തിന് തനത് ഫണ്ടിൽ നിന്ന് മാറ്റി വെയ്ക്കണമെന്നാണ് നിർദ്ദേശിച്ചത്.<br>(2) മലയോര റോഡുകളിൽ ഉരുൾപ്പൊട്ടലും മിന്നൽ പ്രളയവും ഉണ്ടാകാൻ സാദ്ധ്യതയുള്ള കലുങ്കുകൾക്ക് സമീപവും, ചെറു അരുവികൾക്ക് |

| | | | |
|---|---|---|---|
| | | | സമീപവും അപകടസൂചനാ ബോർഡുകൾ സ്ഥാപിക്കുകയും വഴിയാത്രക്കാർ ഇത്തരം സ്ഥലങ്ങളിൽ വാഹനം നിർത്തരുത് എന്ന് നിർദ്ദേശിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് PWD യെ ചുമതലപ്പെടുത്തുകയും ചെയ്തു.<br>(3) പുഴകളിൽ ചുഴികൾ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ അപകട സൂചനാ ബോർഡുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകി.<br>(4) തീരപ്രദേശങ്ങളിൽ തീവ്രമായ കടൽക്ഷോഭം ഉണ്ടാകുവാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ അപകടസൂചനാ ബോർഡുകൾ സ്ഥാപിക്കാനും കൂടാതെ 24 മണിക്കൂർ തുടർച്ചയായി മഴപെയ്താൽ പാറപൊട്ടിക്കൽ തൽക്കാലികമായി നിരോധിക്കുകയും തുടർച്ചയായി മഴ ഇല്ലാതാകുന്നതുവരെ പാറപൊട്ടിക്കാതിരിക്കുകയും ചെയ്യുന്നതിനും, ക്വാറി പ്രവർത്തനങ്ങൾ, ദുരിതബാധിത മേഖലകളിൽ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നിരോധിച്ചുകൊണ്ടും സ.ഉ (എം.എസ്) നം. 270/2013/ഡി.എം.ഡി തീയതി 21/06/2013 പ്രകാരം ഉത്തരവായി.<br>ക്വാറികളുമായി ബന്ധപ്പെട്ടുള്ള കുളങ്ങൾ വൃത്തിയാക്കി ശുദ്ധജലം സംഭരിക്കുക, മലയോര മേഖലയിൽ റോഡുകൾക്ക് അനുബന്ധമായി ഒഴുകുന്ന ചാലുകൾ വൃത്തിയാക്കി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുക തുടങ്ങിയ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. കൂടുതൽ മുൻകരുതൽ നടപടികൾ ആവശ്യമാണോയെന്നത് സംബന്ധിച്ച് വിലയിരുത്തിവരുന്നു. |

സെക്ഷൻ ഓഫീസർ